പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 175

17.12.2012-ൽ മറുപടിക്ക്.

## പോലീസ് സ്റ്റേഷനുകളിലെ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്കുകൾ

ചോദ്യം

ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. വർക്കല കഹാർ
ശ്രീ. എ. റ്റി. ജോർജ്

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സിറ്റിസൺസ് ഹെൽപ്പ് ഡെസ്ക്കുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

: (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ 'സിറ്റിസൺ ഹെൽപ്പ് ഡെസ്ക്കുകൾ' 01.09.2012 മുതൽ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പൊതുജനങ്ങളിൽ നിന്ന് പരാതികളും, അപേക്ഷകളും സ്വീകരിക്കുക, ആവശ്യാനുസരണം മറ്റ് പോലീസ് സ്റ്റേഷനുകളിലേയ്ക്കും, ഓഫീസുകളിലേയ്ക്കും തുടർ നടപടികൾക്കായി അയയ്ക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഓരോ കമ്പ്യൂട്ടറും, സ്കാനറും, പ്രിന്ററും മറ്റ് അനുബന്ധ സാധനങ്ങളും നൽകിയിട്ടുണ്ട്. ഇവയെ സംസ്ഥാന തലത്തിൽ നെറ്റ്‌വർക്ക് ചെയ്ത് ബന്ധപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികൾക്കായി 2012-13 വർഷത്തിൽ 24 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പുതുതായി തുടങ്ങിയിട്ടുള്ള സ്റ്റേഷനുകൾക്കായി കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ നടന്നുവരുന്നു.

(മറുപുറം)

(ബി) ഈ സംവിധാനം വഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

: (ബി) ഈ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് കേരളത്തിലെ ഏതൊരു പോലീസ് സ്റ്റേഷനിലേയ്ക്കും ഏത് പോലീസ് സ്റ്റേഷനിൽ നിന്നും പരാതി അയയ്ക്കാവുന്നതാണ്. കൂടാതെ പരാതികൾ സംസ്ഥാനത്തെ മറ്റ് ഏത് ഓഫീസുകളിലേയ്ക്ക് അയച്ചുകൊടുക്കുവാനും പരാതിയിൽ സ്വീകരിച്ച നടപടികൾ പൊതുജനങ്ങൾക്ക് എവിടെനിന്നും ഇന്റർനെറ്റിലൂടെ അറിയാനുമുള്ള സംവിധാനം ഇതിലുണ്ട്. കൂടാതെ പോലീസ് സേനാംഗങ്ങൾക്ക് അവരുടെ അപേക്ഷയും മറ്റും ഓൺലൈനായി വിവിധ ഓഫീസുകളിലേയ്ക്ക് അയയ്ക്കുവാനും ഇതിലൂടെ സാധിക്കുന്നുണ്ട്.

(സി) ഈ സംവിധാനം വഴി ലഭിക്കുന്ന പരാതികൾക്ക് പരിഹാരം കാണുവാൻ എന്തെല്ലാം സൗകര്യങ്ങൾ ഭരണതലത്തിൽ ഒരുക്കിയിട്ടുണ്ട് ; വിശദമാക്കുമോ ?

: (സി) സിറ്റിസൺ ഹെൽപ്പ് ഡെസ്കിൽ ലഭിക്കുന്ന പരാതികൾ സ്കാൻ ചെയ്ത് ബന്ധപ്പെട്ട ഓഫീസുകളിലേയ്ക്ക് ഓൺലൈനായി അയയ്ക്കുന്നു. ഇവയുടെ പുരോഗതി മേൽ ഉദ്യോഗസ്ഥർക്ക് ഓൺലൈനായി തന്നെ പരിശോധിക്കാവുന്നതാണ്. ഇതുമൂലം പരാതികൾക്ക് വേഗത്തിൽ പരിഹാരം കാണുവാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ